**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**

**(ഹാജർ : ലത.എസ്)**

വിഷയം: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - ഗ്രേഡ് II ഡ്രൈവർ തസ്തികയിൽ 1:1:1 എന്ന അനുപാതത്തിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. 03.06.2013 -ലെ സർക്കാർ ഉത്തരവ് (എം.എസ്) 267/13/(162)/ഫിൻ.
2. ഈ ഓഫീസിലെ 01.08.2015 -ലെഎസ്.എച്ച്.(2) 4224/14 നമ്പർ ഉത്തരവ്.
3. ഈ ഓഫീസിലെ 24.06.2019 -ലെ എസ്.എച്ച്.(2) 21025/17 നമ്പർ ഉത്തരവ്.

**ഉത്തരവ് നം.എസ്.എച്ച്.(2) 25061/2017, തീയതി: 23.10.2019.**

പരാമർശം (1) -ലെ ഉത്തരവ് പ്രകാരം ഡ്രൈവർമാരുടെ ഉദ്യോഗക്കയറ്റം സംബന്ധിച്ച അനുപാതം ഡ്രൈവർ ഗ്രേഡ് II, ഗ്രേഡ് I, സീനിയർ ഗ്രേഡ് എന്നിവ 1:1:1 എന്ന് പരിഷ്കരിച്ച് ഉത്തരവായിട്ടുള്ളതും, സീനിയർ ഗ്രേഡിലെ 10% പേർക്ക് സെലക്ഷൻ ഗ്രേഡ് അനുവദിക്കാനും ഉത്തരവായിട്ടുണ്ട്.

പരാമർശം (3) -ലെ ഉത്തരവ് പ്രകാരം ഗ്രേഡ് I തസ്തികയിലെ 2 പേർക്ക് സീനിയർ ഗ്രേഡായി ഉദ്യോഗക്കയറ്റം ലഭിച്ചതു മുഖേന ഗ്രേഡ് I തസ്തികയിൽ 2 ഒഴിവ് നിലവിൽ ഉണ്ട്.

പരാമർശം (2) -ലെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ക്രമ നം.123 വരെയുള്ളവർക്ക് ഗ്രേഡ് I തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. ആയതിനാൽ ഗ്രേഡ് I തസ്തികയിൽ നിലവിലുള്ള 2 ഒഴിവുകളിലേക്ക് സീനിയോറിറ്റി ലിസ്റ്റിലെ ഏറ്റവും സീനിയറായ 2 പേർക്ക് ഉദ്യോഗക്കയറ്റം നൽകേണ്ടതുണ്ട്. എന്നാൽ സീനിയോരിറ്റി നം.125 ശ്രീ.അജേഷ്.കെ. പ്രസാദിന്റെ പ്രൊബേഷൻ പൂർത്തീകരിച്ച് ഉത്തരവാകാത്തതിനാൽ ടിയാനെ ഉദ്യോഗക്കയറ്റത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ടും സീനിയോരിറ്റി നം.124, 126 നമ്പറായ ജീവനക്കാർക്ക് 20,000-45,800/- എന്ന ശമ്പള നിരക്കിൽ ഗ്രേഡ് I ഡ്രൈവറായി ഉദ്യോഗക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, ഓഫീസ്, മേൽവിലാസം | സീനിയോറിറ്റി നമ്പർ | ഉദ്യോഗക്കയറ്റം ലഭിച്ച തീയതി |
|---|---|---|---|
| 1 | പി.പി.സുനിൽ,<br>കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്,<br>കോട്ടയം. | 124 | 01.05.2019 (ശ്രീ.സി.സതീഷ് കുമാർ സീനിയർ ഗ്രേഡ് ആയ ഒഴിവ്) |

| | | | |
|---|---|---|---|
| | | | |
| 2 | സി.വിശാന്ത്,<br>പ്രിൻസിപ്പൽ കൃഷി ഓഫീസ്,<br>വയനാട്. | 126 | 01.05.2019 (ശ്രീ.കെ.ജയരാജൻ സീനിയർ ഗ്രേഡായ ഒഴിവ്) |

ഉദ്യോഗക്കയറ്റം സംബന്ധിച്ച വിവരം ജീവനക്കാരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

ഒപ്പ്/-
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

BINDUMOL T
Administrative Assistant II
Agricultural Development &
Farmers Welfare Department
Vikas Bhavan, Trivandrum

ബന്ധപ്പെട്ട ജീവനക്കാർക്ക്
(മേലധികാരി മുഖേന)

**പകർപ്പ്:**

1. പ്രിൻസിപ്പൽ കൃഷി ഓഫീസർ,
   കോട്ടയം / വയനാട്.
2. ഐ.റ്റി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. സ്റ്റോക്ക് ഫയൽ / സ്പെയർ